# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കിള്ളിപ്പാലം
കരമന , തിരുവനന്തപുരം
തീയതി02/03/2021

---

# പത്രക്കുറിപ്പ്

## ജി .എസ് .ടി റിട്ടേൺ സമർപ്പണത്തിലെ പിഴവ് ; സർക്കുലർ പുറത്തിറക്കി

തിരുവനന്തപുരം: സംസ്ഥാനത്തെ വ്യാപരികൾ സമർപ്പിക്കുന്ന ജി .എസ്.ടി റിട്ടേണിൽ ഇന്പുട് ടാക്സ് രേഖപെടുത്തുന്നതിലെ പിഴവുകൾ ഒഴിവാക്കാൻ സഹായകരമായ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ സംസ്ഥന ചരക്ക്സേവനനികുതി വകുപ്പ്പുറത്തിറക്കി.

വ്യാപാരികൾ സമർപ്പിക്കുന്ന ജി .എസ്.ടി റിട്ടേണിൽ ഇന്പുട് ടാക്സ് രേഖപ്പെടുത്തുന്നതിൽ വ്യാപകമായ പിഴവുകൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ഇന്പുട് ടാക്സ് രേഖപെടുത്തുന്നതിലെ പിഴവ് സംസ്ഥാനത്തിന് ലഭിക്കേണ്ട ഐ .ജി.എസ്.ടി. നികുതി വരുമാനത്തെ കാര്യമായി ബാധിക്കും .

യോഗ്യമല്ലാത്തതും, ക്രമരഹിതമായുള്ള ഇന്പുട് ടാക്സ് ക്രെഡിറ്റ് അതാത് മാസം നൽകുന്ന ജി .എസ് .ടി .ആർ –3 ബി യിലെ ടേബിൾ 4 ഡി (1 ), 4 ഡി (2 ) ലാണ് രേഖപ്പെടുത്തേണ്ടത്. ജി.എസ്.ടി നിയമം വകുപ്പ് 17(5) പ്രകാരം പാസ്സഞ്ചർ മോട്ടോർ വാഹനത്തിനും , കെട്ടിട നിർമാണ മേഖലയിലും മറ്റുമായി വ്യാപാരികൾ നേടിയ ക്രമരഹിതമായ ഇന്പുട് ടാക്സ് ക്രെഡിറ്റ് ഡി.ആർ.സി–03 യിൽ സ്വമേധയാ വെളിപ്പെടുത്തി തിരിച്ചടക്കാവുന്നതാണ്. ക്രമരഹിത ഇന്പുട് ടാക്സ് നേടിയ വ്യാപാരികൾ സ്വമേധയാ തിരിച്ചടച്ചില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുമെന്ന് സംസ്ഥാന ചരക്ക്സേവന നികുതി കമ്മീഷണർ അറിയിച്ചു . കൂടുതൽ വിവരങ്ങൾ സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പിന്റെ സർക്കുലർ 1 /2021 ലഭ്യമാണ്.

Sd/-

**COMMISSIONER**